വേങ്ങേരി വില്ലേജ് ഓഫീസിനു പുതിയ കെട്ടിടം

22 [1580] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വേങ്ങേരി വില്ലേജ് ഓഫീസിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ വേങ്ങേരി വില്ലേജ് ഓഫീസിനു പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) വേങ്ങേരി വില്ലേജ് ഓഫീസിനു, കേന്ദ്രസഹായ പദ്ധതിയിൽപ്പെടുത്തി, പുതിയ കെട്ടിടം നിർമ്മിക്കാൻ 1995 മാർച്ചിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ജില്ലയിൽ ഫ്ളഡ് റിലീഫ് വർക്ക്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക

23 [1583] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 1991–'92, 1992–'93, 1993–94, 1994–95 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ 1987–88, 1988–89, 1989–90, 1990–91 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയെത്രയാണ്;

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മാടയ്ക്കൽ, ഒല്ലൂക്കര, പാണഞ്ചേരി, നടത്തറ പുത്തൂർ, ഒല്ലൂർ എന്നീ പഞ്ചായത്തുകളിൽ 1991–92, 1992–93, 1993–94, 1994–95 സാമ്പത്തിക വർഷങ്ങളിൽ ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയെത്രയാണ്;

(ഡി) പ്രസ്തുത പഞ്ചായത്തുകളിലെ വർക്കുകളുടെ പേരും, ചെലവഴിച്ച തുകയുടെ തരം തിരിച്ചുള്ള ലിസ്റ്റും മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) മാടയ്ക്കൽ, ഒല്ലൂക്കര, പാണഞ്ചേരി, നടത്തറ എന്നീ പഞ്ചായത്തുകളിൽ 1987–88, 1988–89, 1989–90, 1990–91 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്നു ചെലവഴിച്ച തുക എത്രയാണെന്നും പ്രസ്തുത പഞ്ചായത്തുകളിൽ ഈ വർഷങ്ങളിൽ നടത്തിയ വർക്കുകളുടെ പേരും ചെലവഴിച്ച തുകയുടെ തരം തിരിച്ചുള്ള ലിസ്റ്റും മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly